**ഖുത്വ്ബ**
**5.5.2006**
**ഓക്‌ലാൻഡ്, ന്യൂസിലാൻഡ്**

# തദ്ദേശവാസികളെ സ്വജീവിതമാതൃകകൊണ്ട് തബ്‌ലീഗ് ചെയ്യുക

وَاذْكُرْ رَّبَّكَ فِيْ نَفْسِكَ تَضَرُّعًا وَّخِيْفَةً وَّدُوْنَ الْجَهْرِ
مِنَ الْقَوْلِ بِالْغُدُوِّ وَالْاٰصَالِ وَلَا تَكُنْ مِّنَ الْغٰفِلِيْنَ ۲۰۶

**ഈ** ഖുത്ബയോടുകൂടി ന്യൂസിലാന്റ് അഹ്മദിയ്യാ ജമാഅത്തിന്റെ ജൽസസാലാന അഥവാ വാർഷികസമ്മേളനത്തിന് ദൈവാനുഗ്രഹത്താൽ ഇന്ന് തുടക്കം കുറിക്കുകയാണ്. തന്നെ വിശ്വസിക്കുന്നവരുടെ മനസ്സ് അല്ലാഹുവിനോട് സ്നേഹബന്ധം പുലർത്തുന്നതാകണമെന്നും അതിനോടൊപ്പം അവരോരോരുത്തരും ഉൽകൃഷ്ട സ്വഭാവഗുണങ്ങളുടെ ഉടമസ്ഥരായി മാറണമെന്നതുമായിരുന്നു ജൽസാ സാലാനകൊണ്ട് ഹസ്റത്ത് മസീഹ് മൗഊദ്(അ) ഉദ്ദേശിച്ചിരുന്നതെന്ന കാര്യം വിവിധ രാജ്യങ്ങളിൽ നടന്ന ജൽസാവേളകളിൽ ഞാൻ പറയുകയുണ്ടായി. അഹ്മദിയും അനഹ്മദിയും തമ്മിൽ വ്യക്തമായ വ്യത്യാസം പ്രകടമാകേണ്ടതാണ്. അതുകൊണ്ട്, ഏകദേശം 116 വർഷം മുമ്പേ ഹസ്റത്ത് മസീഹ് മൗഊദ്(അ) തുടക്കം കുറിച്ച ജൽസ, അവിടത്തെ ആഗ്രഹമനുസരിച്ച് പ്രവർത്തിച്ചുകൊണ്ടും ആ ഉദ്ദേശ്യങ്ങൾ കരസ്ഥമാക്കുന്നതിനുവേണ്ടിയുമാണ് അഹ്മദിയ്യാ ലോകത്ത് ഇപ്പോൾ ജൽസാ സാലാന സംഘടിപ്പിക്കുന്നത്. നിങ്ങളുടെ ഈ ജൽസാ സാലാനയും ആ ഉദ്ദേശ്യത്തോടുകൂടിത്തന്നെയാണ് സംഘടിപ്പിച്ചിട്ടുള്ളത്. തന്റെ ജമാഅത്തിന്റെ ഉദ്ദേശ്യലക്ഷ്യമായി ഹസ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞിട്ടുള്ളത് എന്തൊന്നാണോ, അവിടന്ന് എന്തിനുവേണ്ടിയാണോ ജമാഅത്ത് രൂപീകരിച്ചിട്ടുള്ളത് ഏതൊരു ഉദ്ദേശ്യത്തിനുവേണ്ടിയാണോ ആ മഹാത്മാവിനെ അല്ലാഹു നിയോഗിച്ചിട്ടുള്ളത്, ആ ഉദ്ദേശ്യം എന്തെങ്കിലും കാരണത്താൽ ഈ വർഷത്തിന്നിടയിൽ നിങ്ങൾക്ക് പ്രാപിക്കാൻ കഴിഞ്ഞിട്ടില്ലെങ്കിൽ, ഇവിടെയിപ്പോൾ ആത്മീയമായ അവസ്ഥ കരസ്ഥമാക്കാൻ വേണ്ടിമാത്രം ഒത്തുകൂടിയിരിക്കുന്ന നിങ്ങൾ, ഹസ്റത്ത് മസീഹ് മൗഊദ്(അ)ന്റെ അദ്ധ്യാപനങ്ങളനുസരിച്ച് പ്രവർത്തിച്ചുകൊണ്ട് നിങ്ങളുടെ ഉള്ളിൽ മാറ്റങ്ങളുണ്ടാക്കാൻ ശ്രമിക്കുക. ജൽസയുടെ ഈ രണ്ടു ദിവസങ്ങളിൽ മാത്രം ശ്രദ്ധിച്ചാൽപോരാ, പ്രത്യുത തുടർന്നും അത് ശ്രദ്ധിച്ചുകൊണ്ടിരിക്കേണ്ടതാണ്. എങ്കിൽ മാത്രമേ അഹ്മദിയ്യത്തിന്റെ സന്ദേശം മറ്റുള്ളവർക്ക് സരളമായരീതിയിൽ എത്തിക്കാനും ദൈവസൃഷ്ടികളെ അല്ലാഹുവിന്റെ അടുത്തുകൊണ്ടുവരാനും നമുക്ക് കഴിയുകയുള്ളൂ. നമ്മളിൽ പരിശുദ്ധമായ മാറ്റം ഉണ്ടാക്കുന്നില്ലെങ്കിൽ നമ്മുടെ ഒരു കാര്യത്തിനും സ്വാധീനമുണ്ടാകുകയില്ല. അഹ്മദിയ്യത്തിന്റെ സന്ദേശം ലോകത്തെത്തിക്കുമെന്നുള്ള നമ്മുടെ വാദം അന്വർത്ഥമാകുന്നതിനുവേണ്ടി ആദ്യം നമ്മുടെ ഉള്ളിൽ പരിവർത്തനം ഉണ്ടാക്കേണ്ടിവരും. ഓരോ അഹ്മദിയും ഇതിലേക്ക് ശ്രദ്ധചെലുത്തേണ്ടതാണ്. അഹ്മദിയായതിനുശേഷം പരിശുദ്ധമായ മാറ്റം വരുന്നില്ലെങ്കിൽ അഹ്മദിയാകുകയും ആകാതിരിക്കുകയും ചെയ്യുന്നത് സമമാണെന്നുള്ള വിചാരം ഓരോ അഹ്മദിക്കും ഉണ്ടാവേണ്ടതാണ്. എന്റെ ഓരോ കർമ്മവും അല്ലാഹു കണ്ടുകൊണ്ടിരിക്കുന്നുവെന്ന ബോധമുണ്ടാകുമ്പോഴാണ് ഈ മാറ്റം സാധ്യമാകുന്നത്. അപ്പോൾ അഞ്ചുനേരം നിസ്കരിക്കാനും അല്ലാഹുവിന്റെ മറ്റു കല്പനകൾ പാലിക്കാനും ശ്രദ്ധയുണ്ടാകും. അല്ലാഹു സർവ്വശക്തനാണെന്നുള്ള വിചാരം നിലനില്ക്കുകയാണെങ്കിൽ എപ്പോഴും അതായത് ഉറങ്ങുമ്പോഴും ഉണരുമ്പോഴും നടക്കുമ്പോഴുമെല്ലാം അവനെ ഓർക്കും. അവന്റെ സ്മരണകൊണ്ട് നാവിനെ ആർദ്രമയമാക്കും. ദൈവാനുഗ്രഹത്താൽ അവന്റെ സ്മരണകൊണ്ട് നമ്മുടെ നാവ് ആർദ്രമാകുമ്പോൾ എപ്പോഴും നന്മ ചെയ്യണമെന്നുള്ള വിചാരമുണ്ടാകും. നന്മ ചെയ്യാനുള്ള ഈ വിചാരമാണ് മനുഷ്യനിൽ പരിശുദ്ധമാറ്റം ഉണ്ടാക്കുന്നത്.

വിനയത്തോടും താണുകേണപേക്ഷിച്ചുകൊണ്ടും ദൈവഭയത്തോടുംകൂടി അല്ലാഹുവിനെ സ്മരിച്ചുകൊണ്ടിരിക്കുക എന്ന് ഞാനോതിയ ഖുർആനികവചനത്തിലും അല്ലാഹു

നമ്മോടു പറയുന്നു. രാവിലേയും വൈകുന്നേരവും അവനോട് അഭയംതേടുക. നേരായമാർഗ്ഗത്തിലേക്ക് നയിക്കാൻ അവനോടു സഹായം ചോദിക്കുക. ഇങ്ങനെ നിങ്ങൾ ചെയ്യുകയില്ലെങ്കിൽ നിങ്ങൾ അശ്രദ്ധരിൽ ഗണിക്കപ്പെടും. 'ഒരു നിമിഷം അശ്രദ്ധനായാൽ, അടുത്തശ്വാസം അവിശ്വാസി' എന്നാണ് ഹസ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞിട്ടുള്ളത്. ഇസ്‌ലാം കൈക്കൊണ്ടതിനും നബി(സ) തിരുമേനിയുടെ സത്യസന്ധനായ പ്രേമിയെ വിശ്വസിച്ചതിനും ശേഷമുണ്ടാകുന്ന അശ്രദ്ധ ചിന്തനീയമാണ്. അതുകൊണ്ട് രാവിലേയും വൈകുന്നേരവും ദൈവസ്മരണ നടത്തിയും അല്ലാഹുവിന്റെ കല്പനയനുസരിച്ച് പ്രവർത്തിച്ചും ജീവിക്കാൻ നാം ശ്രമിക്കേണ്ടതാണ്. നമ്മുടെ പകൽ പേടിച്ചു പേടിച്ചു കഴിച്ചുകൂട്ടണം എന്ന് ഹസ്റത്ത് മസീഹ് മൗദ്(അ) പറഞ്ഞിരിക്കുന്നു. നമ്മുടെ എന്തെങ്കിലും അതിരുകവിഞ്ഞ പ്രവർത്തനംമൂലം അല്ലാഹു നമ്മെ വെറുക്കാൻ പാടില്ല. ഈ വിചാരമുണ്ടെങ്കിൽ അല്ലാഹുവിനോടു ഭയവും അവനെക്കുറിച്ചുള്ള ഓർമ്മയും അവന്റെ സ്മരണയുമുണ്ടാകും. അവന്റെ കല്പനകളനുസരിച്ച് പ്രവർത്തിക്കാനും ശ്രമിക്കുന്നതാണ്. അവന്റെ സൃഷ്ടികളുമായി നല്ല ബന്ധം സ്ഥാപിക്കാനും ശ്രദ്ധിക്കും. ഖിലാഫത്തു വ്യവസ്ഥിതിയുമായും ബന്ധമുണ്ടാകും. ഖിലാഫത്തിനോടു കൂറുമുണ്ടാകും. അല്ലാഹുവിനെ ഭയപ്പെടുന്നതുകൊണ്ട് ഈ എല്ലാ കാര്യങ്ങളും മനസ്സിൽ നിലനില്ക്കുന്നതാണ്. പിന്നീട് അവിടന്ന്, നിങ്ങൾ തഖ്‌വയുടെ വഴിയിലൂടെ രാത്രി കഴിച്ചുകൂട്ടിയെന്ന് നിങ്ങളുടെ പ്രഭാതം സാക്ഷിപറയണം എന്നും പറയുകയുണ്ടായി. തഖ്‌വയിലൂടെ രാത്രി കഴിച്ചുകൂട്ടുമെന്ന വിചാരമുണ്ടെങ്കിൽ എല്ലാതരം വ്യർത്ഥമായ കാര്യങ്ങളിൽനിന്നും മനുഷ്യൻ രക്ഷപ്പെടുന്നതാണ്. ഇന്നത്തെ പരിഷ്കൃതലോകത്ത് ആയിരക്കണക്കിന് തിന്മകളും ദോഷങ്ങളുമാണുള്ളത്. ദൈവസ്മരണയിൽനിന്ന് മനുഷ്യനെ അശ്രദ്ധനാക്കുന്ന ഒരുപാട് താല്പര്യമുള്ള സാധനങ്ങളുണ്ട്. അതുകൊണ്ട്, ഈ പരിഷ്കൃതലോകത്തു കാണുന്ന, അല്ലെങ്കിൽ സമൂഹത്തിൽ കാണുന്ന ഈ വസ്തുക്കൾക്ക് സൊസൈറ്റിയിൽ വളരെ പ്രാധാന്യമാണ് നല്കപ്പെടുന്നത്. സ്ത്രീയും പുരുഷനും തമ്മിലുള്ള കൂടിച്ചേരൽ, ചുറ്റിക്കറങ്ങൽ, യുവാക്കൾ അർദ്ധരാത്രിവരെ വട്ടംകൂടി ഇരിക്കൽ, ഇതെല്ലാം ദൈവസ്മരണയിൽനിന്ന് മനുഷ്യനെ അകറ്റിക്കളയുന്നതാണ്. അതുകൊണ്ട് ഓരോ അഹ്മദിയും എപ്പോഴും അത്തരം വ്യർത്ഥമായ കാര്യങ്ങളിൽനിന്ന് തങ്ങളെ രക്ഷിക്കേണ്ടതാണ്. നിങ്ങളുടെ ഉള്ളിൽ പരിശുദ്ധമായ മാറ്റം ഉണ്ടാക്കുന്നതിന് തടസ്സമായി നില്ക്കുന്ന എല്ലാ കാര്യങ്ങളിൽനിന്നും രക്ഷപ്പെടാൻ ശ്രമിക്കേണ്ടതാണ്. കാരണം അതൊന്നും ഒരിക്കലും മനസ്സമാധാനം നല്കുകയില്ല. ഭൗതികമായ വസ്തുക്കൾ നേടിയെടുത്താൽ സമാധാനം കിട്ടുമെന്ന് മനുഷ്യൻ കരുതുന്നു. വാസ്തവത്തിൽ ആ ഭൗതികമായ വസ്തുക്കളുടെ പിന്നാലെ പോകുന്നതുകൊണ്ട്, കൂടുതൽ കരസ്ഥമാക്കണമെന്ന അതിമോഹം വർദ്ധിക്കുകയാണ് ചെയ്യുന്നത്. എല്ലാവർക്കും എല്ലാം കരസ്ഥമാക്കാൻ പറ്റാത്തതുകൊണ്ട് അസമാധാനം വർദ്ധിച്ചുകൊണ്ടേപോകുന്നു. അതുകൊണ്ടുതന്നെ അല്ലാഹുവിന്റെ കല്നപകളനുസരിച്ച് പ്രവർത്തിച്ചുകൊണ്ടും ദൈവസ്മരണകൊണ്ടുമാണ് സമാധാനം ലഭിക്കുക എന്ന ചിന്ത ഓരോ അഹ്മദിക്കും ഉണ്ടാവേണ്ടതാണ്. അതുമുഖേന സമാധാനം ലഭിക്കുമെന്ന് അല്ലാഹു ഉറപ്പും നല്കിയിട്ടുണ്ട്. കച്ചവടക്കാരും നിർമ്മാതാക്കളും തങ്ങളുടെ ഉല്പന്നങ്ങളെ സംബന്ധിച്ച് ഞങ്ങളുടെ ഇന്ന സാധനം വാങ്ങിയാൽ നിങ്ങൾ നൂറു ശതമാനവും തൃപ്തരാകും എന്ന് പറഞ്ഞ് വൻപരസ്യങ്ങൾ നല്കാറുണ്ട്. പക്ഷേ, ഒരിക്കലും തൃപ്തി ഉണ്ടാകുകയില്ല എന്നതു വേറെകാര്യം. എന്നാൽ, യഥാർത്ഥമായ നിലയിൽ തന്നെ സ്മരിക്കുന്നവർക്ക്, തന്റെ കല്പനകൾ പാലിക്കുന്നവർക്ക് മനസ്സമാധാനം ഉണ്ടാകുമെന്ന് അല്ലാഹു ഉറപ്പുനല്കുന്നു. മനസ്സിന് ശാന്തിയും സമാധാനവും ലഭിക്കും. അവൻ പറയുന്നു: ***അലാ ബിദിക്‌രില്ലാഹി തത്‌മഇന്നുൽ ഖുലൂബ്.*** മനസ്സ് ശാന്തി പ്രാപിക്കുന്നത് ദൈവസ്മരണകൊണ്ടാണെന്ന കാര്യം മനസ്സിലാക്കുക. നിസ്കാരത്തിന് പുറമേയും ദൈവസ്മരണ വേണ്ടതാണ്. ദൈവഭയം ഹൃദയത്തിലുണ്ടായാൽ അതും ഒരു സ്മരണ തന്നെയാണ്. വിവിധ ദുആകൾ വിവിധ സമയങ്ങളിൽ മനുഷ്യൻ ചൊല്ലിക്കൊണ്ടിരിക്കുന്നു. ദൈവഭയമുണ്ടായാൽ പല പ്രവൃത്തികളിൽ നിന്നും പിന്മാറുന്നതാണ്. ഇതു സംബന്ധിച്ചും അല്ലാഹു നമ്മോടു പറഞ്ഞിരിക്കുന്നു. അല്ലാഹുവിനെക്കുറിച്ചുള്ള സ്മരണ നിസ്കാരത്തിൽ മാത്രമല്ല, അതിനുപുറമേയുമുണ്ട്. എപ്പോഴും അല്ലാഹുവിനെ സ്മരിക്കേണ്ടതാണ്. മറ്റൊരിടത്ത് അല്ലാഹു പറയുന്നു. ***അല്ലദീന യദ്കുറൂനല്ലാഹ ഖിയാമൻവ്വ ഖുഊദൻവ്വഅലാ ജുനൂബിഹിം.*** ബുദ്ധിമാനായ മനുഷ്യൻ, അതായത് സത്യവിശ്വാസി നിന്നും ഇരുന്നും പാർശ്വങ്ങളിൽ കിടന്നും അല്ലാഹുവിനെ സ്മരിക്കുന്നു. എപ്പോഴും അവരുടെ മനസ്സിൽ അല്ലാഹുവിനെക്കുറിച്ചുള്ള ഓർമ്മയായിരിക്കും.

ഇതാണ് ശരിയായ മുഅ്മിനിന്റെ അടയാളം. ഈ സ്മരണയാൽ ഈമാൻ വർദ്ധിക്കുകയും ധൈര്യമുണ്ടാകുകയും ചെയ്യുന്നു. മറ്റൊരിടത്ത് പറയുന്നു. ***യാ അയ്യുഹല്ലദീന ആമനൂ ഇദാ ലഖീതും ഫിഅത്തൻ ഫഥ്ബുതൂ വദ്കുറുല്ലാഹ് കഥീറൻ ല്ലഅല്ലക്കും തുഫ്‌ലിഹൂൻ***. വിശ്വസിച്ചവരേ! നിങ്ങൾ ഒരു സൈന്യത്തെ കണ്ടുമുട്ടിയാൽ ഉറച്ചുനില്ക്കുകയും അല്ലാഹുവിനെ അധികമായി സ്മരിക്കുകയും ചെയ്യുക; നിങ്ങൾ വിജയം പ്രാപിക്കുന്നതിനുവേണ്ടി(*8:46*). ഏതെങ്കിലും തിന്മയ്ക്കെതിരെ നില്ക്കുന്നതിനായി ധൈര്യമുണ്ടാകാനും അല്ലാഹുവിന്റെ സഹായം കരസ്ഥമാക്കാനും അല്ലാഹുവിനെ സ്മരിക്കേണ്ടത് വളരെ നിർബന്ധമാണ്. ശയ്ത്വാനും മനുഷ്യന്റെ വലിയ ശത്രുവാണ്. ഇന്നത്തെ ലോകത്ത് കളവിന് വിവിധ രീതികളുണ്ട്. കളവ് പലതരം സൈന്യത്തോടുകൂടി ആക്രമണം നടത്തിക്കൊണ്ടിരിക്കുന്നു. വികസ്വരരാഷ്ട്രങ്ങളിലേയും അവികസ്വരരാഷ്ട്രങ്ങളിലേയുമാളുകൾ ശയ്ത്വാന്റെ സ്വാധീനവലയത്തിൽപ്പെട്ടുപോകുന്നു. നാമമാത്രമായ ഈ പരിഷ്കൃത സമൂഹത്തിലെ തിന്മകൾ എത്രയും പെട്ടെന്നാണ് ജനങ്ങൾ സ്വായത്തമാക്കുന്നത്. അവരുടെ ആക്രമണങ്ങളിൽനിന്നും രക്ഷപ്പെടുന്നതിനും എല്ലാതരം അപകർഷതാബോധങ്ങളിൽനിന്നും തന്നത്താൻ അവരവരെ സ്വതന്ത്രരാക്കിവയ്ക്കുന്നതിനും ദൈവസ്മരണ അങ്ങേയറ്റം അത്യാവശ്യമാണ്. അതുമുഖേന മനസ്സിന് കരുത്ത് ലഭിക്കുന്നതാണ്. പരിശുദ്ധമായ മാറ്റം ഉണ്ടാകുന്നതാണ്. ഇതുസംബന്ധമായി ഹസ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു. "ദൈവസ്മരണ, ഹൃദയങ്ങൾക്ക് ശാന്തി പകരുന്നു. സാധിക്കുന്നിടത്തോളം ദൈവസ്മരണ ചെയ്തുകൊണ്ടിരിക്കുക. ഇതുമുഖേന മനസ്സമാധാനം ലഭിക്കുന്നതാണ്. ഇതിനായി ക്ഷമയും കഠിനാധ്വാനവും ആവശ്യമുണ്ട്. പരിഭ്രമിക്കുകയും ക്ഷീണിക്കുകയും ചെയ്താൽ ഈ സമാധാനം ഉണ്ടാകുകയില്ല."

അതുകൊണ്ട് സ്ഥിരഭാവത്തോടുകൂടി അല്ലാഹുവിനെ സ്മരിക്കേണ്ടതാണ്. അക്ഷമ കാണിച്ചാൽ മനസ്സമാധാനം ലഭിക്കുകയില്ല. പിന്നീട് ശയ്ത്വാനെ നേരിടാനുള്ള ശക്തി ഉണ്ടാകുകയില്ല. പരിശുദ്ധമാറ്റവും ഉണ്ടാകുകയില്ല. ഹസ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു. ***അലാ ബിദിക്‌രില്ലാഹി തത്‌മഇന്നുൽ ഖുലൂബ്*** എന്നതിന്റെ യാഥാർത്ഥ്യവും തത്വവും ഇതാണ്. അതായത് മനുഷ്യൻ ആത്മാർത്ഥതയോടും പൂർണ്ണമായ കൂറോടുംകൂടി അല്ലാഹുവിനെ സ്മരിക്കുകയും എപ്പോഴും അവന്റെ മുമ്പിൽ നില്ക്കുകയും ചെയ്യുമ്പോൾ അതുമുഖേന അവന്റെ മനസ്സിൽ ദൈവമഹത്വത്തിന്റെ ഒരു ഭയമുണ്ടാകുന്നു. ആ ഭയം അവനെ വെറുക്കപ്പെട്ടതും വിലക്കപ്പെട്ടതുമായ കാര്യങ്ങളിൽനിന്നും രക്ഷിക്കുന്നു. മനുഷ്യൻ ദൈവഭയത്തിലും പരിശുദ്ധിയിലും അഭിവൃദ്ധിപ്പെടുന്നു." അതുകൊണ്ട് ഈ സമൂഹത്തിലെ അസംഖ്യം വെറുക്കപ്പെട്ട കാര്യങ്ങളിൽനിന്ന് രക്ഷപ്പെടുന്നതിന് ദൈവസ്മരണ അനിവാര്യമാണ്. അതുമുഖേന കർമ്മങ്ങൾ ചെയ്യാനും തൗഫീഖ് കിട്ടുന്നതാണ്. അതായത്, ഒരഹ്മദിയെ മറ്റുള്ളവരിൽനിന്ന് അത് മഹത്വപ്പെടുത്തും. അഹ്മദിയ്യത്തും മറ്റുള്ളവരും തമ്മിലുള്ള വ്യത്യാസം എന്താണെന്ന് പ്രകടമാകുകയും ചെയ്യും. ഈ പരിശുദ്ധമായ മാറ്റമുണ്ടാക്കുന്നതിനായി അഹ്മദികൾ പരിശ്രമിക്കേണ്ടതാണ്; നിങ്ങളുടെ മാതൃക കണ്ടുകൊണ്ട് മറ്റുള്ളവർ നിങ്ങൾ പറയുന്ന കാര്യങ്ങൾ കേൾക്കുന്നതിനുവേണ്ടി. നിങ്ങൾ പറയുന്ന കാര്യങ്ങൾ കേൾക്കുമ്പോൾ തീർച്ചയായും അത് മറ്റുള്ളവരെ നിങ്ങളിലേക്ക് ആകർഷിക്കുന്നതിന് കാരണമാകും. ഇക്കാലഘട്ടത്തിലെ ആലിംകൾ ഇസ്‌ലാമിന്റെ യഥാർത്ഥമായ പാഠങ്ങൾക്ക് വിരുദ്ധമായ ഭാവനകളാണ് ലോകത്തിന്റെ മുമ്പിൽ സമർപ്പിക്കുന്നത്. അമുസ്‌ലിംകൾ ഇസ്‌ലാമിനെ നല്ലദൃഷ്ടിയോടെ നോക്കുന്നില്ല; ഹസ്റത്ത് മസീഹ് മൗഊദ്(അ) ഇസ്‌ലാമിന്റെ യഥാർത്ഥമായ പാഠങ്ങൾ നമ്മുടെ മുമ്പിൽ സമർപ്പിച്ചിരിക്കുന്നു. അതിന്റെ മനോഹാരിതകൊണ്ട് ഓരോരുത്തരും ഇതിലേക്ക് ആകർഷിക്കപ്പെടുന്നു. അഹ്മദിയായതിനുശേഷം സൽമാതൃക നിലനാട്ടേണ്ടതും അഹ്മദിയ്യാ സന്ദേശം എത്തിക്കേണ്ടതും ഓരോ അഹ്മദിയുടേയും നിർബന്ധകടമയാണെന്ന കാര്യം ഓർമ്മിക്കുക. നിങ്ങളിൽ അധികമാളുകളും ഫിജിയിൽ നിന്ന് ഇവിടെ എത്തിയിട്ടുള്ളവരാണ്. കുറച്ച് കുടുംബങ്ങൾ പാക്കിസ്ഥാനിൽനിന്നും വന്നിട്ടുണ്ട്. നിങ്ങളെല്ലാവരുടെയും ജോലി അഹ്മദിയ്യത്തിന്റെ സന്ദേശം എത്തിക്കുക എന്നതാണെന്ന കാര്യം ഓർമ്മിക്കുക. ഫിജിയിൽ അഹ്മദിയ്യത്ത് 40, 50 വർഷം മുമ്പേ വന്നതാണ്. ജമാഅത്തിൽ ചേരാൻ ഭാഗ്യം ലഭിച്ച ആദ്യകാല മഹാത്മാക്കൾ തങ്ങളിൽ മാറ്റങ്ങളുണ്ടാക്കി. ജമാഅത്തിനുവേണ്ടി ത്യാഗങ്ങളും ചെയ്തു. അഹ്മദിയ്യത്ത് അഥവാ യഥാർത്ഥ ഇസ്‌ലാമിന്റെ സന്ദേശത്തെ സഹോദരസമുദായങ്ങൾക്ക് എത്തിക്കുകയും ചെയ്തു. നോക്കുക, ചുരുങ്ങിയകാലങ്ങൾക്കുള്ളിൽ ഒരുപാട് ബയ്അത്തുകളാണ് അവർ ചെയ്യിച്ചത്. ഇപ്പോഴാണെങ്കിൽ നിങ്ങളുടെ അംഗസംഖ്യ അധികമുണ്ട്. ഇവിടേയും മറ്റു സ്ഥലങ്ങളിലും ഒരുപാട്

സൗകര്യങ്ങളുമുണ്ട്. ആദ്യകാല വിശ്വാസികൾ ചെയ്തതുപോലെ, ബയ്അത്ത് ചെയ്യിക്കുന്നതിലേക്ക് വേണ്ടുംവിധം ശ്രദ്ധയുണ്ടാകുന്നില്ല. ഫിജിയിലെ ആളുകളും ഇത് കേട്ടുകൊണ്ടിരിക്കുകയാണ്. അവിടത്തുകാരോട് ഞാൻ പറയട്ടെ, നിങ്ങൾ നിങ്ങളുടെ തബ്ലീഗ് പ്രവർത്തനം ശക്തിപ്പെടുത്തുക. പ്രവർത്തനപരമായ മാതൃക കാണിക്കുക. ഇസ്ലാമിന്റെ യഥാർത്ഥമായ റൂഹ് നിങ്ങളിൽ ഉണ്ടാക്കുക. ഇവിടെയുള്ളവരും ഈ ശ്രമം നടത്തുക. തബ്ലീഗിനുവേണ്ടി വിവിധ സ്ഥലങ്ങളിൽപോയി ചുറ്റുപാടുകൾ വിലയിരുത്തുക. ചെറിയ ചെറിയ സ്ഥലങ്ങളിലേക്ക് പോകുക. കഴിഞ്ഞവർഷം രണ്ടുമൂന്ന് പ്രാവശ്യം ഞാൻ ഇതിനെക്കുറിച്ച് പറഞ്ഞിരുന്നു. ചെറിയ സ്ഥലങ്ങളിൽ സന്ദേശമെത്തിക്കാനും അത് സ്വീകാര്യമാക്കാനുമുള്ള സാധ്യതകൾ പൊതുവെ അധികമാണ്. പ്രത്യേകിച്ച് മൂന്നാംകിട രാഷ്ട്രങ്ങളിൽ. അവർ എതിർക്കുന്നുവെങ്കിൽ അവർക്ക് കാര്യമറിയാത്തതുകൊണ്ടാണ് എതിർക്കുന്നത്. ഫിജിയിലും ആസ്ത്രേലിയായിലും ഇവിടെയുമൊക്കെ വിവിധ ജനതകളുമായി ബന്ധംവയ്ക്കുന്ന ആളുകളാണുള്ളത്. അവരുടെ അടുക്കൽ നിങ്ങളെത്തുക. അവരുടെ ഭാഷകളിൽ നമ്മുടെ സാഹിത്യങ്ങൾ കൊടുക്കുക. അവരുമായി നിരന്തരം ബന്ധപ്പെട്ടുകൊണ്ടിരിക്കുക. അവരുമായിട്ടുള്ള ബന്ധങ്ങൾ വർദ്ധിപ്പിക്കുക. നിങ്ങളിലും മാറ്റം പ്രകടമാകുകയാണെങ്കിൽ, മറ്റുള്ളവരിൽനിന്ന് വ്യത്യസ്തരായി അവർക്ക് നിങ്ങളെ കാണാൻ കഴിയും. ഞാൻ പറഞ്ഞതുപോലെ ഈ സൽഗുണങ്ങൾ അവർക്ക് കാണാൻ കഴിഞ്ഞാൽ അല്ലാഹുവിന്റെ സ്മരണ നിങ്ങളുടെ നാവിലുണ്ടെങ്കിൽ നിരന്തരമായി ഈ ബന്ധം മറ്റുള്ളവരെ നിങ്ങളുടെ അടുത്തേക്ക് കൊണ്ടുവരും. ഈ രാജ്യങ്ങളിൽ ലാഹോരി അഹ്മദികളെന്നു പറയപ്പെടുന്ന നമ്മുടെ ചില സഹോദരങ്ങളുമുണ്ട്. അവർ ഹസ്റത്ത് മസീഹ് മൗഊദ്(അ)നെ അംഗീകരിക്കുന്നവരാണ്. പക്ഷേ, ഖിലാഫത്തിനെ അംഗീകരിക്കുന്നില്ല. അവരിലും ചിലർ മുമ്പേ എന്നെ കണ്ടിട്ടുണ്ട്. വളരെ മാന്യമായ രീതിയിലാണ് അവർ പെരുമാറിയിരുന്നത്. അവരുമായും നിരന്തരം ബന്ധപ്പെട്ടുകൊണ്ടിരിക്കുകയും അവർക്കുവേണ്ടി ദുആ ചെയ്തുകൊണ്ടിരിക്കുകയും ചെയ്താൽ അല്ലാഹു അവരുടെ ഹൃദയത്തെ മാറ്റാൻ കഴിവുള്ളവനാണ്. എന്തായാലും ഇതെല്ലാം ചെയ്യുന്നതിനുവേണ്ടി, തബ്ലീഗ് രംഗത്തിറങ്ങാനും മറ്റും അല്ലാഹുവിന്റെ മുമ്പിൽ കുനിയുകയും അവന്റെ സ്മരണയാൽ നാവിനെ ആർദ്രമാക്കിവയ്ക്കുകയും ചെയ്യേണ്ടത് നിർബന്ധമാണ്. ഈ പരിശുദ്ധമായ മാറ്റത്തോടൊപ്പം, എത്രത്തോളം നിങ്ങളുടെ ദീനീപരമായ അറിവ് വർദ്ധിപ്പിക്കാൻ കഴിയുമോ കഠിനാധ്വാനത്തിലൂടെ അതും വർദ്ധിപ്പിക്കേണ്ടതാണ്. കൂടാതെ ഇസ്ലാമിനെ സംബന്ധിച്ചും ജമാഅത്തിനെ സംബന്ധിച്ചും അവശ്യം അറിഞ്ഞിരിക്കേണ്ട അടിസ്ഥാനപരമായ ചില കാര്യങ്ങളുണ്ട്. അത് പഠിക്കണം. സ്ത്രീകളേയും യുവാക്കളേയും അതിൽ പങ്കെടുപ്പിക്കുകയും വേണം.

ചില അഹ്മദികളുണ്ട്. പക്ഷേ, അഹ്മദിയ്യത്ത് എന്താണെന്ന് അവർക്കറിയില്ല. എന്തിന് അവർ അഹ്മദിയായി എന്നും അറിയില്ല. ഹസ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വാദമെന്താണെന്നും അവർക്കറിയില്ല. നബി(സ) തിരുമേനി ഹസ്റത്ത് മസീഹ് മൗഊദ്(അ)നെ സംബന്ധിച്ച് എന്താണ് പ്രവചിച്ചതെന്നും അവർക്കറിയില്ല. അതിൽ എന്തെന്തെല്ലാം പുലർന്നുവെന്നും അറിയില്ല. ഇത്തരം വിവിധങ്ങളായ ചോദ്യങ്ങളുണ്ട്. നമ്മുടെ സ്ത്രീകൾ ഉൾപ്പെടെയുള്ള എല്ലാ വിഭാഗക്കാരും ഇത് കാര്യമായെടുക്കേണ്ടതാണ്. കാരണം സ്ത്രീകളെ ഒപ്പം മുന്നോട്ടുകൊണ്ടുപോകേണ്ടതും നിർബന്ധമാണ്. അവരെ കൂടെ കൊണ്ടുപോകുന്നില്ലെങ്കിൽ സമ്പൂർണ്ണമായ വിജയം ഉണ്ടാകുകയില്ല. ഗ്രാമവാസികളായ സ്ത്രീകൾക്ക് പൊതുവെ ഇതിനെപ്പറ്റി ഒരു വിവരവുമുണ്ടാവുകയില്ല. ഇക്കാരണത്താൽ അവർക്ക് അവരുടെ മക്കളേയും അവരുടെ വരുതിയിൽ പിടിച്ചുനിർത്താൻ കഴിയില്ല, തബ്ലീഗ് ചെയ്യാനും കഴിയില്ല. ഇവിടെ മറ്റുള്ളവരെ അപേക്ഷിച്ച് വിദ്യാസമ്പന്നരായ സ്ത്രീകളാണ് വന്നിട്ടുള്ളത്. പക്ഷേ, ഇവിടെ വന്നിട്ട് അവസ്ഥകളൊക്കെ നന്നായ കാരണത്താൽ അവരുടെ താല്പര്യങ്ങൾക്ക് മാറ്റം വരുന്നു. ഈമാനിൽ കരുത്തുണ്ടാകുന്നത് അല്ലാഹുവുമായിട്ട് ബന്ധമുണ്ടാകുമ്പോഴാണ്, ദീനീപരമായ അറിവുകളിൽ വർദ്ധനവുണ്ടാക്കാൻ ശ്രമിക്കുമ്പോഴാണ്. അതുകൊണ്ട് സ്ത്രീകളും ദീനീപരമായ അറിവ് സമ്പാദിക്കാൻ കൂടുതൽ ശ്രദ്ധിക്കണം. പ്രത്യേകിച്ച്, നിരക്ഷരരായ വിഭാഗം മതപരമായ അറിവ് സമ്പാദിക്കേണ്ടത് കൂടുതൽ നിർബന്ധമാണ്. എല്ലാ പുരുഷന്മാരും സ്ത്രീകളും യുവാക്കളും വൃദ്ധരും ആസൂത്രിതമായ പരിപാടികളോടുകൂടി അഹ്മദിയ്യത്തിന്റെ സന്ദേശമെത്തിക്കുന്നതിൽ വ്യാപൃതരാവുക. അതുമുഖേന നിങ്ങളുടെ അവസ്ഥ നന്നാകുമെന്ന് മാത്രമല്ല, നിങ്ങളുടെ തർബിയത്തിലേക്ക് ശ്രദ്ധയുണ്ടാകുമെന്ന് മാത്രമല്ല, തർബിയ്യത്തിനുള്ള പുതിയ പുതിയ വഴികളും തുറന്നുകൊണ്ടിരിക്കും.

അഹ്മദികുടുംബങ്ങളിലെ ചില കുട്ടികൾ മറ്റുള്ളവരിൽനിന്ന് വിവാഹം കഴിക്കുന്ന കാരണത്താലുണ്ടാകുന്ന പ്രശ്നങ്ങളും പരിഹരിക്കപ്പെടും. ജമാഅത്തിനെക്കുറിച്ച് അറിയുന്നതിനാലും ആ അറിവ് പരത്തുന്നതിനാലും അന്യരിൽനിന്ന് വിവാഹം കഴിക്കണമെന്ന ആഗ്രഹം അവർക്കുണ്ടാകുകയില്ല. കാരണം അപ്പോൾ അവരുടെ ത്യാഗത്തിന്റെ നിലവാരവും വർദ്ധിക്കുന്നതാണ്. ന്യൂസിലാന്റിലെ ഈ ജമാഅത്ത് അധികം പഴക്കമുള്ളതല്ല. ഏകദേശം എല്ലാ അഹ്മദികളും ഇവിടെത്തെ ആദ്യകാല അഹ്മദികളിൽ പെടുന്നവരാണ്. അതുകൊണ്ട് പ്രത്യേകിച്ച് നിങ്ങൾ നിങ്ങളിൽ പരിവർത്തനമുണ്ടാക്കാൻ ശ്രദ്ധിക്കണം. തബ്ലീഗ് രംഗത്തേക്കും ഇറങ്ങേണ്ടതാണ്. മതപരമായ അറിവും വർദ്ധിപ്പിക്കേണ്ടതാണ്. നിങ്ങളുടെ പൂർവ്വികരായ ആളുകൾ ചെയ്തതുപോലെ നിങ്ങളും പദ്ധതികൾ ആസൂത്രണം ചെയ്തുകൊണ്ട് ശ്രമിക്കുകയാണെങ്കിൽ ഈ സന്ദേശത്തെ എത്രയും വേഗം എല്ലായിടത്തും എത്തിക്കാൻ കഴിയും.

എനിക്കറിയാം ഇവിടെ വിവാഹബന്ധങ്ങൾ ലഭിക്കുന്നതിനും പ്രശ്നങ്ങളുണ്ട്. പ്രത്യേകിച്ച്, പെൺകുട്ടികൾക്ക് വരന്മാരെ കിട്ടുന്ന കാര്യത്തിൽ. ഈ നാലഞ്ച് രാജ്യങ്ങളിലെ രശ്താനാത്താ വിഭാഗം പ്രവർത്തനിരതമാകേണ്ടതുണ്ട്. മറ്റുരാജ്യങ്ങളിലും ഇതുമായി ബന്ധപ്പെട്ട് ശ്രമം നടത്താവുന്നതാണ്. അതുകൊണ്ട് കൃത്യമായ രേഖകൾ എല്ലായിടത്തും സൂക്ഷിക്കേണ്ടതാണ്. ഫിജി തുടങ്ങിയ ചെറിയ സ്ഥലങ്ങളിലാണെങ്കിലും മാശാഅല്ലാഹ് പെൺകുട്ടികൾ വിദ്യാസമ്പന്നരാണ്. ഹസ്റത്ത് മസീഹ് മൗഊദ്(അ) അല്ലാഹുവിന്റെ സാമീപ്യം പ്രാപിക്കുന്നതിനും നമ്മുടെ ഉള്ളിൽ പവിത്രമായ പരിവർത്തനമുണ്ടാക്കുന്നതിനും അതിനായി നമ്മുടെ ഭാര്യാമക്കളേയും ഒപ്പം മുന്നോട്ടു കൊണ്ടുപോകുന്നതിനും വേണ്ടി പറയുന്നു: എപ്പോഴും നന്മകളിൽ മുന്നോട്ട് ചുവടുവെയ്ക്കുന്നവരോടൊപ്പമാണ് അല്ലാഹുവിന്റെ സഹായമുണ്ടാകുന്നത്. ഒരു സ്ഥലത്ത് അവർ ഉറച്ചുപോവുകയില്ല. അവരുടെ പര്യവസാനം ശുഭമായിരിക്കും. ചിലയാളുകളെ നാം കണ്ടിട്ടുണ്ട്. ആദ്യമാദ്യം വളരെ താല്പര്യത്തോടും ഉത്സാഹത്തോടും ആവേശത്തോടും കൂടി പ്രവർത്തിക്കുന്നു. കുറേക്കഴിയുമ്പോൾ ഒരിടത്ത് ഉറച്ചുപോകുന്നു. അത്തരക്കാരുടെ പര്യവസാനം നല്ലതായിരിക്കുകയില്ല. അല്ലാഹു ഖുർആനിൽ പറയുന്നു: ***അസ്‌ലിഹ്‌ലീ ഫീ ദുർരിയ്യത്തീ*** എന്റെ ഭാര്യാമക്കളേയും നന്നാക്കിത്തീർക്കേണമേ. സ്വന്തം അവസ്ഥയുടെ പരിശുദ്ധമായ മാറ്റത്തിനുവേണ്ടി ദുആ ചെയ്യുന്നതിനോടൊപ്പം ഭാര്യയ്ക്കും മക്കൾക്കും വേണ്ടിയും ദുആ ചെയ്തുകൊണ്ടിരിക്കേണ്ടതാണ്. കാരണം മിക്ക പരീക്ഷണങ്ങളുമുണ്ടാകുന്നത് ഭാര്യയും മക്കളും മുഖാന്തരമാണ്."

ഹസ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞതുപോലെ നിങ്ങൾ ആത്മപരിശോധന നടത്തുക. എന്നാൽ നൂറുശതമാനവും യാഥാർത്ഥ്യം നിങ്ങൾക്കു മനസ്സിലാകും. ചില കുടുംബങ്ങൾ ഈ രാജ്യത്തും പരീക്ഷണങ്ങളിൽ അകപ്പെട്ടത് അന്യരിൽ വിവാഹം കഴിക്കുന്നതുകൊണ്ട് തലമുറ നശിക്കുമെന്നും ദീനിൽനിന്ന് അകലുമെന്നുമുള്ള യാഥാർത്ഥ്യത്തെ അവർ അവഗണിച്ചതുകൊണ്ടാണ്. പല മക്കളും ഇപ്പോൾ അകന്നുകഴിഞ്ഞപ്പോഴാണ് അവർക്ക് ബോധം വരുന്നത്. ഇവിടെ വന്നിട്ടുള്ള കുടുംബങ്ങളുടെ അവസ്ഥ അവരുടെ നാട്ടിലെ മുമ്പത്തെ അവസ്ഥയെ അപേക്ഷിച്ച് ഉത്തമമാണ്. ഈ ഉത്തമാവസ്ഥ നിങ്ങളെ ദീനിൽനിന്ന് അകറ്റിക്കൊണ്ടുപോകുന്നതും നിങ്ങളുടെ അദ്ധ്യാപനങ്ങളേയും പാരമ്പര്യത്തേയും മറപ്പിക്കുന്നതുമാകാൻ പാടില്ല. ചിലർ ചില തെറ്റുകൾ ചെയ്യുന്നു. അപ്പോൾ അവർക്കെതിരെ ജമാഅത്ത് ചിലപ്പോൾ നടപടിയെടുക്കുന്നു. അപ്പോൾ ഞങ്ങളോട് അക്രമം ചെയ്തു, ഞങ്ങളെ ജമാഅത്തിൽനിന്ന് പുറത്താക്കി, ഞങ്ങളെ അപമാനിച്ചു എന്നൊക്കെ പറഞ്ഞ് വ്യവസ്ഥിതിയെ ആക്ഷേപിക്കാൻ തുടങ്ങുന്നു. അല്ലാഹുവിനോട് ബന്ധമുണ്ടെങ്കിൽ, ദീനീപരമായ അറിവുണ്ടെങ്കിൽ ഇത്തരം അവസ്ഥ ഒരിക്കലുമുണ്ടാവുകയില്ല. അതുകൊണ്ട് സ്വയം തന്നേയും ഭാര്യാമക്കളേയും ജമാഅത്തും ഖിലാഫത്തുമായി ബന്ധിപ്പിച്ചു നിർത്തുക. അതിനായി നബി(സ) തിരുമേനി ചെയ്ത ഈ ദുആ എപ്പോഴും ഓർമ്മിക്കുക. ഒരു നിവേദനത്തിൽ വന്നിരിക്കുന്നു. സഹ്ൽ(റ) പറയുന്നു. ഞാൻ ഹസ്റത്ത് ഉമ്മുസൽമ(റ)യോട് ചോദിച്ചു. ഉമ്മുൽമുഅ്മിനീൻ, നബി(സ) തിരുമേനി നിങ്ങളോടൊപ്പം ഉറങ്ങുമ്പോൾ എന്താണ് പ്രാർത്ഥിക്കാറുണ്ടായിരുന്നത്? അവിടന്ന് പറഞ്ഞു. അവിടന്ന് അധികവും ഇങ്ങനെ ദുആ ചെയ്യുമായിരുന്നു. ***യാ മുഖല്ലബൽ ഖുലൂബ്*** അല്ലയോ ഹൃദയത്തെ മാറ്റിമറിക്കുന്നവനേ, എന്റെ ഹൃദയത്തെ നിന്റെ ദീനിൽ ഉറപ്പിച്ചുനിർത്തിയാലും. നബി(സ) പറഞ്ഞു. ഉമ്മുസൽമ, എല്ലാവരുടേയും ഹൃദയം അല്ലാഹുവിന്റെ രണ്ട് വിരലുകൾക്കിട

യിലാണ്. അവനുദ്ദേശിക്കുന്നവരുടെ ഹൃദയം അവൻ നേരെയാക്കുന്നു. അവനുദ്ദേശിക്കുന്നവരുടെ ഹൃദയം വളക്കുകയും ചെയ്യുന്നു.

അതുകൊണ്ട് ഓരോ അഹ്മദിയും ഈ ദുആയും ചെയ്യേണ്ടതാണ്. നിങ്ങൾക്കും നിങ്ങളുടെ വീട്ടുകാർക്കും അല്ലാഹു നല്കിയിരിക്കുന്ന അനുഗ്രഹത്തെ എപ്പോഴും ഹൃദയത്തിൽ കുടിയിരുത്തുക. എന്നാലിത് അല്ലാഹുവിന്റെ അനുഗ്രഹം കൂടാതെ ഉണ്ടാവുകയില്ല. അല്ലാഹുവിന്റെ അനുഗ്രഹങ്ങളെ ആകർഷിച്ചെടുക്കുന്നതിനുള്ള ഏറ്റവും വലിയ മാർഗ്ഗം അവനെ സ്മരിക്കുക എന്നതാണ്. അവനെ ഓർമ്മവയ്ക്കുക എന്നതാണ്. അതുകൊണ്ട് നിങ്ങളിലും നിങ്ങളുടെ മക്കളിലും ഈ ശീലമുണ്ടാക്കിത്തീർക്കുക. നബി(സ) തിരുമേനിയുടെ ഹൃദയം എല്ലാവിധ ശിർക്കുകളിൽനിന്നും പവിത്രമായതാണ്. അതിൽ അല്ലാഹുവിന്റെ പരിശുദ്ധമായ വഹ്‌യ് ഇറങ്ങി. അവിടന്ന് ഇത്രയുമധികം ദുആ ചെയ്തിരുന്നുവെങ്കിൽ നമ്മൾ എത്രമാത്രം ദുആ ചെയ്യണം. അതുകൊണ്ട് നമുക്ക് കിട്ടിയ ഈ അനുഗ്രഹത്തെ ആദരിക്കുക. അല്ലാഹുവിനോട് ദുആ ചെയ്യുക. തൗബയും ഇസ്തിഗ്ഫാറും ചെയ്തുകൊണ്ട് എപ്പോഴും അവന്റെ മുമ്പിൽ കുനിഞ്ഞുകൊണ്ടിരിക്കുക; യഥാർത്ഥമായ ഇസ്‌ലാമിക അദ്ധ്യാപനം ജനങ്ങളുടെയിടയിൽ സമർപ്പിക്കുന്നവരായി തീരാൻവേണ്ടി. ഹസ്റത്ത് മസീഹ് മൗഊദ്(അ) നമ്മൾ എന്തായിത്തീരണമെന്നാണ് ആഗ്രഹിക്കുന്നത്. ഇതുസംബന്ധമായി അവിടന്ന് പറയുന്നു. ഹദീസിൽ വന്നിരിക്കുന്നു.

***അത്തായിബു മിനദൻബി കമല്ലാ ദൻബലഹൂ.*** ഇപ്പോൾ നിങ്ങൾ ബയ്അത്ത് ചെയ്തിരിക്കയാണ്. ഇനി അല്ലാഹുവിൽനിന്ന് പുതിയ കണക്കാണ് ആരംഭിക്കുന്നത്. (പാപങ്ങളിൽനിന്ന് തൗബ ചെയ്തു മടങ്ങിയതുകൊണ്ട് പാപം ചെയ്യാത്തവനെപ്പോലെയായിരിക്കുകയാണ്, ഇവിടന്ന് അങ്ങോട്ട് പുതിയ കണക്കുകൾ ആരംഭിക്കുന്നു.) സത്യസന്ധതയോടും ആത്മാർത്ഥതയോടുംകൂടി ബയ്അത്ത് ചെയ്തതോടെ ആദ്യം ചെയ്ത പാപങ്ങൾ പൊറുക്കപ്പെടുന്നതാണ്. ഇനി സ്വർഗ്ഗം നിർമ്മിക്കാനും നരകമുണ്ടാക്കാനും ഓരോരുത്തർക്കും അധികാരമുണ്ട്. മനുഷ്യർക്ക് രണ്ടുതരം കടമകളാണ് നിർവ്വഹിക്കാനുള്ളത്. ഒന്ന് അല്ലാഹുവിനോടും രണ്ട് മനുഷ്യരോടും. അല്ലാഹുവിന്റെ എന്തെങ്കിലും കല്പനയെ വാക്കാലോ പ്രവൃത്തിയാലോ അറിഞ്ഞുകൊണ്ട് ധിക്കരിക്കുമ്പോൾ നഷ്ടമുണ്ടാകുന്നു. എന്നാൽ, രണ്ടാമത്തെ കടമകളെ അപേക്ഷിച്ച് ഒരുപാട് സൂക്ഷിച്ച് സൂക്ഷിച്ച് ഇരിക്കേണ്ട സ്ഥാനമാണിത്. മനുഷ്യൻ ചിലപ്പോൾ മനസ്സിലാക്കാത്ത ചെറിയ ചെറിയ നിരവധി പാപങ്ങളുണ്ട്. നമ്മുടെ എതിരാളിയാണെങ്കിലും നമ്മളെക്കാൾ ഉത്തമരാണെന്ന് ശത്രു വിളിച്ചുപറയുന്ന ഒരവസ്ഥയുണ്ടാകണം. അതായത്, ശത്രുപോലും നിങ്ങളുടെ നന്മയേയും ദൈവഭയത്തേയും തഖ്‌വയേയും അംഗീകരിക്കുന്നവിധത്തിൽ നിങ്ങളുടെ കർമ്മങ്ങൾ നിങ്ങൾ ശുദ്ധമാക്കിത്തീർക്കുക. (ഇത് നല്ല മനുഷ്യനാണെന്നും തഖ്‌വയിൽ പദമൂന്നുന്നയാളാണെന്നും ശത്രുപോലും പറയുന്നവിധത്തിൽ നിങ്ങളുടെ കർമ്മങ്ങളായിത്തീരണം.)

ഹസ്റത്ത് മസീഹ് മൗഊദ്(അ) തുടർന്നു പറയുന്നു: അല്ലാഹുവിന്റെ ദൃഷ്ടി മനസ്സിന്റെ ഉള്ളുവരെ എത്തുന്നു. വെറും പറച്ചിലുകൊണ്ട് ഒന്നും നേടാനൊക്കുകയില്ല. ഉള്ളറിഞ്ഞുകൊണ്ട് കലിമയും ഇസ്തിഗ്ഫാറും ചൊല്ലാതെ കേവലം നാവുകൊണ്ട് ഇസ്തിഗ്ഫാർ ചെയ്യുന്നതും കലിമ ചൊല്ലുന്നതും മനുഷ്യന് എന്ത് പ്രയോജനം ചെയ്യാനാണ്? ചിലയാളുകൾ അസ്തഗ്ഫിറുല്ലാഹ് എന്ന് ചൊല്ലിക്കൊണ്ടിരിക്കുന്നു. പക്ഷേ, അതുകൊണ്ടുള്ള ഉദ്ദേശ്യമെന്തെന്ന് അവർക്കറിയില്ല. അതിന്റെ ഉദ്ദേശ്യം ചെയ്തുപോയ പാപത്തിന് ആത്മാർത്ഥമായ നിലയിൽ മാപ്പുചോദിക്കുകയും തുടർന്ന് പാപത്തിൽനിന്ന് മാറിനില്ക്കുമെന്ന് പ്രതിജ്ഞ ചെയ്യുകയും അതിനോടൊപ്പം അവന്റെ അനുഗ്രഹവും സഹായവും തേടുകയും ചെയ്യുക എന്നതാണ്. ഈ യാഥാർത്ഥ്യബോധത്തോടെ ഇസ്തിഗ്ഫാർ ചെയ്യുന്നില്ലെങ്കിൽ ആ ഇസ്തിഗ്ഫാർ ഒന്നിനും കൊള്ളാത്തതാണ്. ശിക്ഷ വരുന്നതിനുമുമ്പേ അല്ലാഹുവിന്റെ മുമ്പിൽ കുനിയുകയും അവനോട് സമാധാനം ചോദിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നതിലാണ് നന്മയുള്ളത്."

ശിക്ഷ വരുമ്പോൾ വിലപിക്കുന്നതും രക്ഷിക്കണേ രക്ഷിക്കേണേ എന്ന് വിളിച്ചുകൂവുന്നതും എല്ലാ മതത്തിലും ഒരുപോലെ നടന്നുവരുന്നതാണ്. നമ്മൾ ഇരിക്കുന്ന ഈ സ്ഥലവും ഭൂകമ്പഭീഷണിയിലുള്ളതാണ്. ഇന്നലേയും ഒരപകടമുണ്ടായി. പക്ഷേ, അല്ലാഹു അതിന്റെ ദോഷഫലങ്ങൾ മാറ്റിനിർത്തി. ഇതിനും അല്ലാഹുവിനോട് കൂടുതൽ നന്ദികാണിക്കുകയും അവന്റെ മുന്നിൽ കുനിയുകയും ചെയ്യേണ്ടതാണ്. നാശം വരികയാണെങ്കിൽ വൻനാശം ഉണ്ടാകുമായിരുന്നു. പക്ഷേ, അല്ലാഹു അതകറ്റി.

ഹസ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു:

അല്ലാഹുവിന്റെ ശിക്ഷ നാലുഭാഗത്തുനിന്നും വലയം ചെയ്തുകഴിയുമ്പോൾ ക്രിസ്ത്യാനിയും ആര്യസമാജക്കാരനും തോട്ടിയുമെല്ലാം ആ സമയത്ത് ദൈവമേ ഞങ്ങളെ രക്ഷിക്കണേ എന്നു വിളിച്ചുപറയും. മുഅ്മിനും അങ്ങനെതന്നെയാണെങ്കിൽ പിന്നെ അവനും മറ്റുള്ളവനും തമ്മിലുള്ള വ്യത്യാസമെന്താണ്? മുഅ്മിന്റെ അടയാളം എന്താണെന്നു വെച്ചാൽ, അവൻ ശിക്ഷ വരുന്നതിനു മുമ്പേ അല്ലാഹുവിന്റെ വാക്കുകളിൽ വിശ്വസിച്ചുകൊണ്ട് അവന്റെ മുമ്പിൽ വിലപിക്കുന്നുവെന്നതാണ്. ഈ പോയന്റ് നല്ലവണ്ണം മനസ്സിലാക്കുക. ശിക്ഷ വരുന്നതിനുമുമ്പേ ദൈവവചനത്തിൽ ദൃഢമായി വിശ്വസിച്ചുകൊണ്ട് ശിക്ഷ വരുന്നുവെന്ന് മനസ്സിലാക്കി അതിൽനിന്ന് രക്ഷപ്പെടുന്നതിനായി ദുആ ചെയ്യുന്നവനാണ് സത്യവിശ്വാസി. നോക്കൂ, തൗബാ ചെയ്യുകയും ദുആയിൽ മുഴുകുകയും ചെയ്യുന്ന ഒരുവൻ തന്നോടു മാത്രമല്ല തന്റെ ഭാര്യാമക്കളോടും ബന്ധുമിത്രാദികളോടുപോലും ദയ കാണിക്കുകയാണ് ചെയ്യുന്നത്. അങ്ങനെ എല്ലാവരേയും അവന് രക്ഷിക്കാൻ കഴിയുന്നു. (നല്ല മനുഷ്യനാണെങ്കിൽ അല്ലാഹു ആ സ്ഥലത്തുനിന്ന് ശിക്ഷയെ നീക്കുന്നു. അങ്ങനെ അവൻ മുഖേന എല്ലാവരും രക്ഷപ്പെടുന്നു.) അശ്രദ്ധ കാണിക്കുന്നവൻ തന്നോടുമാത്രമല്ല, കുടുംബത്തിനു മുഴുവൻ ദോഷമാണ് ചെയ്യുന്നത്. ദുആ ചെയ്യാത്ത ഒരു മനുഷ്യനും കന്നുകാലികളും തമ്മിൽ ഒരു വ്യത്യാസവുമില്ല. അത്തരം ആളുകളെ സംബന്ധിച്ച് അല്ലാഹുതആല പറയുന്നു. ***യഅ്കുലൂന കമാ തഅ്കുലുൽ അൻആമു വന്നാറു മഥ്വല്ലഹും*** അതായത് അവർ കന്നുകാലികളെ പോലെ ജീവിക്കുന്നു. നരകമാണ് അവരുടെ സങ്കേതം.(47:13) നിങ്ങളുടെ ബയ്അത്തിന്റെ ഏറ്റുപറച്ചിൽ നാവിൻതുമ്പിൽ മാത്രം ഒതുങ്ങുകയാണെങ്കിൽ ആ ബയ്അത്ത് ഒരു പ്രയോജനവും നിങ്ങൾക്ക് ചെയ്യുകയില്ല. നിങ്ങളുടെ കർമ്മങ്ങൾ നിങ്ങൾ അഹ്മദിയാണെന്നതിന് സാക്ഷി പറയേണ്ടതാണ്. അല്ലാഹുവുമായിട്ടുള്ള കാര്യങ്ങൾ ശുദ്ധമാക്കിവെക്കുന്ന ഒരുവന്റെമേൽ ശിക്ഷയിറങ്ങുമെന്ന് ഒരിക്കലും എനിക്ക് അംഗീകരിക്കാൻ പറ്റുകയില്ല. അല്ലാഹുവിന്റെ മാർഗ്ഗത്തിൽ നിന്ദ്യനാകുന്നവനെ അല്ലാഹു ഒരിക്കലും നിന്ദ്യനാക്കുകയില്ല. ഇത് സത്യവും ശരിയായിട്ടുള്ളതുമായ കാര്യമാണ്. അതുകൊണ്ട് രാത്രികാലങ്ങളിൽ എഴുന്നേറ്റു ദുആ ചെയ്യുക. മുറിയുടെ വാതിലുകൾ അടച്ച് ഏകാന്തതയിൽ ദുആ ചെയ്യുക; നിങ്ങളുടെമേൽ കരുണ ചെയ്യപ്പെടാൻ. സ്വന്തം കാര്യങ്ങൾ പവിത്രമാക്കി വെക്കുക; അല്ലാഹുവിന്റെ അനുഗ്രഹം നിങ്ങളോടൊപ്പമുണ്ടാകാൻ. സ്വാർത്ഥതയോടുകൂടി ഒന്നും ചെയ്യാതിരിക്കുക; അല്ലാഹുവിന്റെ സന്നിധിയിൽ പ്രതിഫലം പറ്റാൻ".

അല്ലാഹു എല്ലാവർക്കും, ഹസ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ആഗ്രഹമനുസരിച്ച് ജീവിക്കാനും ഇസ്ലാമികാദ്ധ്യാപനങ്ങളുടെ ശരിയായ മാതൃകയാകാനും അല്ലാഹുവിന്റെ സാമീപ്യം പ്രാപിക്കാനും സൗഭാഗ്യം നല്കുമാറാകട്ടെ. നമ്മുടെ ഭാര്യാമക്കളേയും ഇതിന്നർഹരാക്കിത്തീർക്കട്ടെ. ഈ ജൽസയുടെ നാളുകൾ എല്ലാവരിലും പവിത്രമായ മാറ്റത്തിന് മാർഗ്ഗമായിത്തീരട്ടെ. നിങ്ങളിലുണ്ടാകുന്ന ഈ പവിത്രമായ മാറ്റം കാരണത്താൽ ഇവിടെത്തെ തദ്ദേശവാസികളിലും ഇസ്ലാമിന്റെ മനോഹരമായ സന്ദേശം എത്രയും വേഗം വ്യാപിക്കുമാറാകട്ടെ. ഞാൻ പറഞ്ഞതുപോലെ ഈ രണ്ടുദിവസവും പ്രത്യേകമായ നിലയിൽ പ്രാർത്ഥനയിലും ദൈവസ്മരണയിലും മുഴുകുക അല്ലാഹു നിങ്ങൾക്കതിന് തൗഫീഖ് നല്കുമാറാകട്ടെ.


Khuthba
Hadhrat Mirza Masroor Ahmad
Khalifathul Masih V
on 5.5.2006 at Auckland, Newziland

*Translated by: Muhammad Ismail, Alleppey*
0497 2702562; Mob: 94466 56123
Page Layout & Typeset: BRB, Kannur
Published by: Majlis Khuddamul Ahmadiyya, Kerala